# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 6

## വാർത്താക്കുറിപ്പ്

### എം.ജി. പി.ജി. ഏകജാലകം സപ്ലിമെന്ററി അലോട്ട്മെന്റ്; ഓപ്ഷൻ രജിസ്ട്രേഷൻ ഇന്ന മുതൽ (ജനവരി 7)

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന മുതൽ (ജനവരി 7) ജനവരി ഒൻപതുവരെ ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ ഓപ്ഷൻ നൽകാം.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുക്കാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്താം, പുതിയ ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്ക് ഫീസടച്ച് അലോട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുന്ന അപേക്ഷകർ പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിൽ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സപ്ലിമെന്ററി അലോട്മെന്റ് ലിസ്റ്റ് ജനവരി 13ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷന് www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സപ്ലിമെന്ററി അലോട്മെന്റ് സ്പോട് അലോട് മെന്റല്ല. മുൻ അലോട്മെന്റുകളിലും മാനേജ്മെന്റ്/ കമ്മ്യൂണിറ്റി/ മെറിറ്റ്/ സ്പോർട്സ്/ കൾച്ചറൽ/ പി ഡി ക്വാട്ടാകളിലേക്ക് സ്ഥിരപ്രവേശം നേടിയവർ സപ്ലിമെന്ററി അലോട്മെന്റിലൂടെ വീണ്ടും ഓപ്ഷനുകൾ നൽകുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്മെന്റ് ലഭിക്കുന്ന ഓപ്ഷനിലേക്ക് നിർബന്ധമായും മാറണം. നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. സ്ഥിര പ്രവേശനം ലഭിച്ചവർ പ്രത്യേക അലോട്മെന്റിൽ പങ്കെടുക്കുമ്പോൾ ഓപ്ഷൻ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ/39/20/2021)

### പരീക്ഷ തീയതി

കോവിഡ് 19 നിയന്ത്രണങ്ങൾമൂലം പരീക്ഷയെഴുതാൻ കഴിയാതിരുന്ന സീപാസിലെ എട്ടാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥികളുടെ ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് (ഇ.സി.) പരീക്ഷ ജനവരി എട്ടിനും കമ്മ്യൂണിക്കേഷൻ

സ്വിച്ചിംഗ് സിസ്റ്റംസ് (ഇ.സി.) പരീക്ഷ ജനുവരി 11നും റിലയബിലിറ്റി എൻജിനീയറിംഗ് (ഇ.സി.) പരീക്ഷ ജനുവരി 13നും നടക്കും.

(പി.ആർ.ഒ/39/21/2021)

മൂന്നാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - 2015 സ്കീം) പരീക്ഷകൾ ജനുവരി 20 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി എട്ടുവരെയും 525 രൂപ പിഴയോടെ ജനുവരി 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 12 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/22/2021)

രണ്ടാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജനുവരി 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി എട്ടുവരെയും 525 രൂപ പിഴയോടെ ജനുവരി 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 12 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/23/2021)

## അപേക്ഷ തീയതി

ബി.എസ് സി. സ്പെഷൽ മേഴ്സി ചാൻസ് പ്രാക്ടിക്കൽ (1998-2008 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 12 വരെയും 525 രൂപ പിഴയോടെ ജനുവരി 13 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 14 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ 5250 രൂപ സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ബി.എസ് സി. സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുകയും പ്രാക്ടിക്കൽ പരീക്ഷയ്ക്ക് പ്രത്യേകമായി രജിസ്റ്റർ ചെയ്യാതിരുന്നതുമായ വിദ്യാർഥികൾ പ്രാക്ടിക്കൽ പരീക്ഷയുടെ ഫീസടച്ച് രജിസ്റ്റർ ചെയ്യണം. മുമ്പ് സ് പെഷൽ ഫീസടച്ചതിന്റെ രസീത് പ്രാക്ടിക്കൽ പരീക്ഷയുടെ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

(പി.ആർ.ഒ/39/24/2021)

## ഇന്റേണൽ റീഡുവിന് ജനുവരി 20 വരെ അപേക്ഷിക്കാം

ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് (2010ന് മുമ്പുള്ള അഡ്മിഷൻ, 2010 മുതലുള്ള അഡ്മിഷൻ) പരീക്ഷയുടെ ഇന്റേണൽ റീഡുവിന് ജനുവരി 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/25/2021)

## വിവരങ്ങൾ നൽകണം

MOOC-ഓർഗാനിക് ഫാമിംഗ് കോഴ്സുമായി ബന്ധപ്പെട്ട കോളേജ്തല കോർഡിനേറ്ററുടെയും മെൻറെഴ്സിന്റെയും വിവരങ്ങൾ ജനുവരി എട്ടാം തീയതിക്കകം കോളേജുകളിൽ നിന്നും info.mooc@mgu.ac.in എന്ന ഇ-മെയിലിലേക്ക് അയയ്ക്കണം. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിലെ www.mgu.ac.in/mooc-on-organic-farming/ എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ/39/26/2021)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ